بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുതുബ**

**സംഗ്രഹം**

**16-05-2025**

# ചില സൈനികനീക്കങ്ങളുടെ പശ്ചാത്തലത്തിൽ തിരുനബിചരിത്രത്തിലെ ഏതാനും സംഭവങ്ങളും രണ്ട് മർഹൂമീങ്ങളുടെ അനുസ്മരണവും

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ- بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ-

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ○ الرَّحۡمٰنِ الرَّحِيۡمِ○ مٰلِكِ يَوۡمِ الدِّيۡنِ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ○

ഇന്നും ഞാൻ സൈനിക ദൗത്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ്. അതിനുശേഷം ഞാൻ മറ്റൊരു വിഷയം വിവരിക്കുന്നതായിരിക്കും.

അബൂ ഖതാദ അൻസാരിയുടെ നേതൃത്വത്തിൽ ഖസ്റയുടെ ഭാഗത്തേക്ക് നടത്തിയ സൈനികനീക്കത്തെക്കുറിച്ച് പരാമർശം ലഭിക്കുന്നുണ്ട്. ഇത് ഹിജ്റ എട്ടാം വർഷം ശഅ്ബാനിൽ ആയിരുന്നു. ഇവിടെ ബനൂ ഗത്ഫാനിലെ ഒരു ശാഖ താമസിച്ചിരുന്നു. നജ്ദിലെ ഖസ്റ പ്രദേശത്ത് താമസിച്ചിരുന്ന ബനൂ ഗത്ഫാൻ മദീന രാഷ്ട്രത്തിനെതിരെ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ വ്യാപൃതരായിരുന്നു.

ഹദ്റത്ത് അബൂ ഖതാ ഇദം താഴ്‌വരയിലേക്ക് നടത്തിയ സൈനികനീക്കമാണ് മറ്റൊന്ന്. ഇത് ഹിജ്റ എട്ടാം വർഷം റമദാനിൽ (ക്രിസ്താബ്ദം 630 ജനുവരി) ആയിരുന്നു. ഈ യുദ്ധനീക്കത്തിനു കാരണം ഇതാണ്: റസൂൽ(സ) മക്കാവിജയത്തിനായി മക്കയിലേക്ക് പോകാൻ ഉദ്ദേശിച്ചപ്പോൾ, അവിടുന്ന് ഹദ്റത്ത് അബൂ ഖതാദയെ മദീനയുടെ കിഴക്ക് ഭാഗത്തുള്ള ഇദം താഴ്‌വരയിലേക്ക് അയച്ചു. മക്ക തെക്ക് ഭാഗത്താണ്. അവിടുന്ന് മക്കയിലേക്കല്ല, ഇദമിലേക്കാണ് പോകുന്നത് എന്ന് ആളുകൾ ധരിക്കാൻ വേണ്ടിയായിരുന്നു ഇത്. ഒരു റിപ്പോർട്ട് അനുസരിച്ച്, ഈ യുദ്ധദൗത്യത്തിന്റെ നേതാവ് ഹദ്റത്ത് അബ്ദുല്ല ഇബ്നു അബി ഹദ്രദ് ആയിരുന്നു. ഹദ്റത്ത് അബ്ദുല്ല ബിൻ അബി ഹദ്രദ് വിവരിക്കുന്നു: ഞങ്ങൾ വാദി ഇദമിൽ എത്തിയപ്പോൾ, അവിടെവെച്ച് ആമിർ ബിൻ അസ്ബത് അശ്ജഈ ഞങ്ങളുടെ അടുത്തുകൂടെ കടന്നുപോയി.

അദ്ദേഹം ഇസ്‌ലാമിക രീതിയിൽ അവരെ അഭിവാദ്യം ചെയ്തു. ഈ വ്യക്തിയെ കൈകാര്യം ചെയ്യാൻ മുസ്ലീങ്ങൾ മടിച്ചു, എന്നാൽ ഹദറത്ത് മുഹല്ലം ബ്ൻ ജുസാമ ലൈസിക്ക് ഈ വ്യക്തിയുമായി മുൻപ് ഒരു വഴക്കുണ്ടായിരുന്നു, അതിനാൽ അദ്ദേഹം ആമിർ ബിൻ അസ്ബത്തിനെ ആക്രമിച്ചു കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ സാധനങ്ങളും ഒട്ടകവും പിടിച്ചെടുത്തു.

ഇതല്ലാതെ വേറെ ഒരു സംഘവുമായും സ്വഹാബികൾക്ക് ഏറ്റുമുട്ടേണ്ടി വന്നില്ല. മുശ്‌രിക്കുകളുടെ ശ്രദ്ധ തിരിക്കാൻ മാത്രമാണ് അവരെ അയച്ചിരുന്നത്. അതിനാൽ സ്വഹാബികൾ അവിടെ നിന്ന് മടങ്ങി. ഈ സമയത്താണ്, റസൂൽ (സ) മക്കയിലേക്ക് യാത്രയായ വിവരം അവർ അറിഞ്ഞത്. അതിനാൽ അവരും അതേ ദിശയിലേക്ക് തിരിഞ്ഞു, ഒടുവിൽ വഴിയിൽ വെച്ച് റസൂൽ (സ)യെ കണ്ടുമുട്ടി. അവർ റസൂൽ (സ)യുടെ അടുത്തെത്തിയപ്പോൾ, അവർ നടത്തിയ കൊലപാതകത്തിന്റെ മുഴുവൻ സംഭവവും തിരുമേനിയെ അറിയിച്ചു. അപ്പോൾ ഈ ആയത്ത് അവതരിച്ചു:

**വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നതായാൽ വിശദമായ അന്വേഷണം നടത്തുക. നിങ്ങൾക്ക് സമാധാന സന്ദേശം ആശംസിക്കുന്നവനോട്, 'നീ സത്യവിശ്വാസിയല്ല' എന്ന് പറയരുത്. നിങ്ങൾ ഐഹിക ജീവിതത്തിലെ സമ്പത്ത് തേടുന്നു. അല്ലാഹുവിന്റെ അടുക്കലാകട്ടെ, ധാരാളം ഗനീമത്തുകളുണ്ട്. മുമ്പ് നിങ്ങളും അതുപോലെയായിരുന്നു. എന്നിട്ട് അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം നൽകി. അതിനാൽ നന്നായി അന്വേഷിച്ച് ഉറപ്പുവരുത്തുക. നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്ന**

**വനാണ്.**" (വിശുദ്ധ ഖുർആൻ 4:95)

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഞാൻ വിവരിച്ചതു പോലെ, ഈ യുദ്ധനീക്കം ഹിജ്റ എട്ടാം വർഷത്തിലാണ് നടന്നത്. ഈ ആയത്താകട്ടെ സൂറഃഅന്നിസാഇ ലേതാണ്. സൂറത്തുന്നിസാഇനെക്കുറിച്ച് പൊതുവെയുള്ള അഭിപ്രായം അത് ഹിജ്റ മൂന്നിനും അഞ്ചിനും ഇടയിലാണ് അവതരിച്ചത് എന്നാണ്. ഈ സംഭവം അറിഞ്ഞപ്പോൾ റസൂൽ (സ) ഈ ആയത്ത് ഓതി അനിഷ്ടം പ്രകടിപ്പിച്ചിരിക്കാം. .

തുടർന്ന് ഹുസൂർ തിരുമനസ്സ് അരുളി: ഇനി ഞാൻ ജമാഅത്തിലെ വന്ദ്യനുംഒരു മഹാപണ്ഡിതനും ഖിലാഫത്തിനോട് അനുരാഗബദ്ധനും ദീനിന്റെ അതുല്യസേവകനുമായ ഒരുവ്യക്തിയെ അനുസ്മരിക്കുകയാണ്. അദ്ദേഹം കഴിഞ്ഞ ദിവസം വഫാത്തായി. അതുപോലെ, ഈയിടെ തടവിൽ കഴിയവെ, ആത്മാർഥതയും ജമാഅത്തിന് അങ്ങേയറ്റം അർപ്പണവും കാണിച്ചിരുന്ന മറ്റൊരു അഹ്മദിയും വഫാത്തായി.

ആദ്യത്തെ അനുസ്മരണം സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബിനെക്കുറിച്ചാണ്. അദ്ദേഹം ഹദ്റത്ത് സയ്യിദ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബി(റ)ന്റെ മകനായിരുന്നു. അദ്ദേഹം കഴിഞ്ഞ ദിവസം തൊണ്ണൂറ്റിയാറാം വയസ്സിൽ മരണപ്പെട്ടു. "ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ."

അദ്ദേഹം ഹദ്റത്ത് അമ്മാജാൻ ഹദ്റത്ത് നുസ്രത്ത് ജഹാൻ ബീഗം സാഹിബയുടെ സഹോദരപുത്രനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെയും ഹദ്റത്ത് മറിയം സിദ്ദീഖ സാഹിബയുടെയും ജാമാതാവുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിൽ നിന്ന് കരസ്ഥമാക്കിയ സയ്യിദ് മഹ്മൂദ് അഹ്മദ് സാഹിബ് പിന്നീട് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടി. 1944 മാർച്ച് മാസത്തിൽ, അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് സയ്യിദ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് മരണപ്പെട്ട ദിവസം അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. അന്ന് സയ്യിദ് മീർ മഹ്മൂദ് അഹ്മദ് സാഹിബിന് പതിനാല് വയസ്സായിരുന്നു. ജമാഅത്ത് സേവനങ്ങൾ ഇപ്രകാരമാണ്: 1954 മുതൽ 1957 വരെ അദ്ദേഹം ഇവിടെ ഇംഗ്ലണ്ടിലായിരുന്നു. അദ്ദേഹം ഒരു മിഷനറിയായി പ്രവർത്തിച്ചു. അതിന്റെ കൂടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ നിർദ്ദേശപ്രകാരം സ്കൂൾ ഓഫ് ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസിൽ വിദ്യാഭ്യാസം നേടി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യോടൊപ്പം ഒരുമിച്ചാണ് അദ്ദേഹം പഠിച്ചത്. 1957 മുതൽ 1959 വരെ അദ്ദേഹം വക്കാലത്ത് ദീവാനിൽ റിസർവ് മിഷ്നറിയായി സേവനമനുഷ്ഠിച്ചു. പിന്നീട് 1960ൽ ജാമിഅയിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. 1978 മുതൽ 1982 വരെ അദ്ദേഹം അമേരിക്കയിൽ മിഷനറിയായി സേവനമനുഷ്ഠിച്ചു. 1982 മുതൽ 1986 വരെ സ്പെയിനിൽ സേവനം ചെയ്യാൻ അവസരം ലഭിച്ചു. 1986 മുതൽ 1989 വരെ വക്കീലുത്തസ്നീഫായി പ്രവർത്തിച്ചു. 1986 മുതൽ 2010 വരെ ജാമിഅ അഹ്മദിയ റബ്‌വയുടെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു. ഈ കാലയളവിൽ, 1994 മുതൽ 2001 ജൂലൈ വരെ വക്കീലുത്തഅ്ലീം കൂടിയായിരുന്നു. അതുപോലെ, അദ്ദേഹം റിസർച്ച് സെല്ലിന്റെയും വാഖിയ സലീബ് വകുപ്പിന്റെയും ഇൻചാർജ് ആയിരുന്നു. 2005 ൽ നൂർ ഫൗണ്ടേഷൻ സ്ഥാപിതമായപ്പോൾ അദ്ദേഹം അതിന്റെ പ്രസിഡന്റായി നിയമിക്കപ്പെട്ടു, അവസാനം വരെ അദ്ദേഹം ഈ സേവനത്തിൽ തുടർന്നു. മജ്‌ലിസ് ഇഫ്താഉടെ മെമ്പറും ആയിട്ടുണ്ട്.

ഖുദ്ദാമുൽ അഹ്മദിയ്യയിലും വിവിധ നിലകളിൽ മുഹ്തമിം ആയും നാഇബ് സദർ ആയും സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. വൈജ്ഞാനികമേഖലയിൽ വിശുദ്ധ ഖുർആൻ തർജ്ജമ തയ്യാറാക്കുന്നതിൽ അദ്ദേഹം വളരെയധികം സഹായിച്ചു. സിഹാഹുസിത്തയും മുസ്നദ് അഹ്മദ് ബ്ൻഹമ്പലും ഉർദുവിൽ തർജമ ചെയ്തു. സഹീഹ് മുസ്ലിമിനും ഷമാഇൽ തിർമിദിക്കും വ്യാഖ്യാനമെഴുതി. ബൈബിളിനെ സംബന്ധിച്ച് ഗവേഷണ പ്രബന്ധങ്ങൾ എഴുതി. മസീഹിന്റെ തിരുശീലയെയും മർഹമെ ഈസായെയും സംബന്ധിച്ച് ഗവേഷണം നടത്തി. അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ സീറത്തുന്നബിയെ സംബന്ധിച്ച് മൂന്ന് വാള്യങ്ങളും നമസ്കാര ശേഷം നിത്യവും ദർസ് നൽകുന്നതിനായുള്ള ഒരു ഗ്രന്ഥവും ഉൾപ്പെടുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തന്റെ മകൾ അമത്തുൽ മതീൻ സാഹിബയുമായി അദ്ദേഹത്തിന്റെ നിക്കാഹ് നടത്തി. ഇദ്ദേഹത്തിന്റെ മകന്റെ നിക്കാഹ് ഖുതുബ ഓതിയത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആണ്.

1990-ൽ മജ്‌ലിസെ ശൂറയിൽ അഭിപ്രായം പറഞ്ഞതിന് അദ്ദേഹത്തിനെതിരെ ഒരു കേസ് ഫയൽ ചെയ്യപ്പെട്ടു. ജഡ്ജി അദ്ദേഹത്തോട് പറഞ്ഞു:

'താങ്കൾ നബി കരീം (സ) യെയും സ്വഹാബികളെയും അവഹേളിച്ചിരിക്കുന്നു.'

അപ്പോൾ മിർ മഹ്മൂദ് അഹ്മദ് സാഹിബ് പറഞ്ഞു: 'ഇത് എന്നിൽ ആരോപിക്കപ്പെട്ടതാണ്, ഇത് തികച്ചും കളവാണ്. ഞാൻ നബി കരീം (സ) യെയും സ്വഹാബികളെയും ഹൃദയാത്മനാ ആദരിക്കുകയും അവിടുത്തെ പ്രവാചകത്വത്തിൽ ഉറച്ച വിശ്വാസം പുലർത്തുകയും ചെയ്യുന്നു.'

അദ്ദേഹം ജഡ്ജിയുടെ മുന്നിൽ ധൈര്യത്തോടെയാണ് ഇത് പ്രസ്താവിച്ചത്. മതപരമായ വിജ്ഞാനത്തിൽ, ഇസ്‌ലാമിന് പുറമേ യഹൂദമതം, ക്രിസ്തുമതം തുടങ്ങിയവയെക്കുറിച്ചും അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു. മതങ്ങളുടെ താരതമ്യ പഠനത്തിൽ അദ്ദേഹത്തിന് പ്രത്യേക വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ഖുർആൻ കരീം, റസൂൽ(സ)യുടെ സുന്നത്ത്, സ്വഹീഹ് അഹാദീസ്, ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെയും അദ്ദേഹത്തിന്റെ ഖലീഫമാരുടെയും വൈജ്ഞാനിക

സ്രോതസ്സ് എന്നിവയിൽ നിന്ന് മാർഗ്ഗനിർദ്ദേശം തേടണമെന്ന് അദ്ദേഹം എപ്പോഴും ഉപദേശിച്ചിരുന്നു.

മുബശ്ശിർ അയാസ് സാഹിബ് എഴുതുന്നു: മീർ സാഹിബ് വളരെ നിഷ്കളങ്കവും വിശുദ്ധവുമായ ജീവിതം നയിച്ചു. അത്യധികം ജീവിതവിശുദ്ധിയും വിനയവും താഴ്മയുമുള്ള അദ്ദേഹം ലളിതജീവിതത്തിന്റെയും തവക്കുലിന്റെയും (ദൈവത്തിൽ ഭരമേൽപ്പിക്കൽ) ഉത്തമ ഉദാഹരണമായിരുന്നു. വിജ്ഞാനത്തിന്റെയും അറിവിന്റെയും ഒരു സാഗരമായിരുന്നു അദ്ദേഹം. മഹാ പണ്ഡിതനായിരുന്നു. അദ്ദേഹം ഒരു മുഫസ്സിറും (ഖുർആൻ വ്യാഖ്യാതാവ്) മുഹദ്ദിസും (ഹദീസ് പണ്ഡിതൻ) ആയിരുന്നു. വിശുദ്ധ ഖുർആന്റെ തർജ്ജമയോടൊപ്പം സിഹാഹു സിത്തയുടെ സമ്പൂർണ്ണ ഉർദു തർജ്ജമ നിർവ്വഹിക്കാൻ ഭാഗ്യം ലഭിച്ച അഹ്മദിയ്യാ ജമാഅത്തിലെ ആദ്യത്തെ പണ്ഡിതനായിരുന്നു.

ഖാദിയാനിലെ മുറബ്ബി തൻവീർ നാസിർ സാഹിബ് പറയുന്നു: അദ്ദേഹത്തെക്കുറിച്ച് എനിക്ക് എപ്പോഴും ഓർമ്മയിൽ നിൽക്കുന്ന ഒരു കാര്യം ഇതാണ്: ഒരു ദിവസം ഞാൻ ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മീർ സാഹിബ് പള്ളിയുടെ ആദ്യ സ്വഫ്ഫിൽ നടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഈ നടത്തവും ദുആ ചെയ്യലും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അല്പം കഴിഞ്ഞപ്പോൾ ധൈര്യം സംഭരിച്ച് ഞാൻ മുന്നോട്ട് ചെന്ന് ചോദിച്ചു: 'താങ്കൾ എന്തുകൊണ്ടാണ് പള്ളിയുടെ ആദ്യത്തെ സ്വഫ്ഫിൽ നടക്കുന്നത്? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)നെ ഈ സ്ഥലത്ത് നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഞാനും അദ്ദേഹത്തിന്റെ കാലടികൾ പിന്തുടരുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനോട് അദ്ദേഹത്തിന് അപാരമായ സ്നേഹമായിരുന്നു.

ഏതായാലും, ഖിലാഫത്തിന്റെ വലിയ സഹായിയും തുണയും വിശ്വസ്തനും ഓരോ വാക്കും അനുസരിക്കുന്നവനും വിശ്വസ്തനുമായിരുന്നു അദ്ദേഹം. വളരെ വിരളമായി മാത്രം കാണപ്പെടുന്ന സുൽത്താനെ നസീർ ആയിരുന്ന അദ്ദേഹം കർമനിരതനായ ജ്ഞാനിയും കൂടിയായിരുന്നു എനിക്ക് അദ്ദേഹത്തെപ്പോലൊരു ഉദാഹരണം ഇപ്പോൾ കാണാൻ കിട്ടുന്നില്ല. അല്ലാഹുവിന്റെ ഖജനാവിൽ യാതൊരു കുറവുമില്ല. അത്തരം ഉദാഹരണങ്ങൾ ഇനിയും ഉണ്ടാകട്ടെ. വിശ്വസ്തരും ആത്മാർത്ഥതയുള്ളവരും തഖ്‌വയിൽ ചരിക്കുന്നവരുമായ സഹായികളെ അല്ലാഹു അഹ്മദിയ്യാ ഖിലാഫത്തിന് നൽകിക്കൊണ്ടിരിക്കട്ടെ.

മറ്റൊരു അനുസ്മരണം, കഴിഞ്ഞ ദിവസങ്ങളിൽ തടവിൽ മരണപ്പെട്ട കറാച്ചിയിലെ ഡോക്ടർ താഹിർ മഹ്മൂദ് ഇബ്നു ഗുലാംറസൂൽ സാഹിബ് എന്ന അഹ്മദിയുടേതാണ്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. കറാച്ചിയിലെ ഹൽഖ മലീർ കോളനി പ്രസിഡന്റ് മർഹൂം താഹിർ മഹ്മൂദ് സാഹിബിനെ മറ്റ് രണ്ട് സുഹൃത്തുക്കളായ ഇജാസ് ഹുസൈൻ സാഹിബ്, അയാസ് ഹുസൈൻ സാഹിബ് എന്നിവരോടൊപ്പം മലീർ കോളനി കറാച്ചിയിൽ അവരുടെ പള്ളിനിർമ്മാണത്തിന്റെയും അവിടെ ജുമുഅ നമസ്കരിക്കുന്നതിന്റെയും പേരു പറഞ്ഞ് പോലീസ് അവരെ അറസ്റ്റ് ചെയ്തു. കോടതിയിൽ വച്ച് എതിരാളികളുടെ കൂട്ടം അദ്ദേഹത്തെ ആക്രമിക്കുകയും മർദ്ദിക്കുകയും ചെയ്തു. പോലീസ് സ്റ്റേഷനിലും അദ്ദേഹത്തെ മർദ്ദിച്ചു. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ)നും ഖലീഫമാർക്കുമെതിരെ മോശമായി സംസാരിക്കാൻ നിർബന്ധിച്ചു. എന്നാൽ അദ്ദേഹം അതിന് തയാറായില്ല. അദ്ദേഹം രണ്ട് മാസത്തോളം ജയിലിൽ കഴിഞ്ഞു. മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് വൃക്കയിൽ അണുബാധ കാരണം ജയിലിൽ അദ്ദേഹത്തിന്റെ ആരോഗ്യം മോശമായി. പിന്നീട് അദ്ദേഹത്തെ അവിടെ നിന്ന് ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ഏതാനും ദിവസങ്ങൾക്ക് ശേഷം അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ആശുപത്രിയിൽ വഫാത്ത് ആയ സമയത്തും അദ്ദേഹത്തിന്റെ കൈകളിൽ വിലങ്ങുണ്ടായിരുന്നു. തടവറയുടെ ബുദ്ധിമുട്ടുകൾ അദ്ദേഹം സഹിച്ചു. ആ നിലക്ക് അദ്ദേഹത്തിന് ശഹീദിന്റെ പദവി തന്നെയാണ് ലഭിക്കുക. വസിയ്യത്ത് പദ്ധതിയിലും അദ്ദേഹം അംഗമായിരുന്നു. സദർ, സെക്രട്ടറി ദഅ്‌വത്തെ ഇലല്ലാഹ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സന്തപ്ത കുടുംബങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യ മുബശ്ശിറ സാഹിബയെ കൂടാതെ ഒരു മകളും മൂന്ന് ആൺമക്കളുമാണ് ഉള്ളത്. മകൻ മുനീബ് മഹ്മൂദ് സാഹിബ് മുറബ്ബി സിൽസിലയാണ്. നമസ്കാരത്തിനു ശേഷം ഇവരുടെ ജനാസ ഗായിബ് നമസ്ക്കരിപ്പിക്കുമെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

**FRIDAY SERMON SUMMARY**
DELIVERED BY
**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 16.05.2025
MALAYALAM TRANSLATION BY
BM ARIF MOHAMMED SHAHID
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA
QADIAN 143516

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔